റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ബഹുമാനപ്പെട്ട ഹസ്സൻ പറഞ്ഞ കാര്യം ഗവൺമെന്റിന് ബോധ്യമുണ്ട്. കായംകുളത്തിന്റെ അർഹതയെ സംബന്ധിച്ചിടത്തോളം തർക്കവുമില്ല. അർഹതയുള്ള ധാരാളം സ്ഥലങ്ങളുണ്ട്. ആലപ്പുഴ ജില്ലയോളം വലിപ്പമുള്ള സ്ഥലമാണ് ഉടുമ്പൻചോല താലൂക്ക്. ഇതുവരെ വിഭജിച്ച് കൊടുത്തിട്ടില്ല. അതിന്റെ ദുഃഖം ഹസ്സന് അറിയാമല്ലോ. എത്രമാത്രം ദുഃഖത്തിലാണ് അവിടെയുള്ള ആളുകൾ കഴിയുന്നത് . കേരളത്തിൽ ഇങ്ങനെ വളരെയധികം സ്ഥലങ്ങളിൽ പുതിയ താലൂക്കുകൾ ഉണ്ടാകേണ്ടതായിട്ടുണ്ട്. പതിനൊന്നാം നിയമസഭയിലെ ആറാം സെഷനിലാണ് ഒരു കമ്മീഷനെ നിയമിക്കുമെന്ന് ഡിമാന്റ് ചർച്ചയ്ക്ക് മറുപടി പറഞ്ഞുകൊണ്ട് നിയമസഭയ്ക്ക് ഉറപ്പു നൽകുകയുണ്ടായത്. കമ്മീഷനെ 28-8-2003-ൽ നിയമിച്ചു. ആദ്യം ആറുമാസം സമയം കൊടുത്തു. വീണ്ടും ആറു മാസം സമയം കൊടുത്തു. സുന്ദരേശൻ ഫോർവേഡ് മാർക്കറ്റിന്റെ ചെയർമാനായി ബോംബെക്ക് പോയി. അത് നമ്മുടെ കുഴപ്പമല്ല. ഇനി പുതിയ കമ്മീഷനെ വയ്ക്കണം. ഞാൻ വിഷമിക്കുകയാണ്. ചില ആളുകൾ ഇതിൽ ആത്മാർത്ഥതയില്ലാത്തതുകൊണ്ടാണെന്ന് പറയുന്നുണ്ട്. ഏതായാലും ഗവൺമെന്റിന് ആത്മാർത്ഥതയുണ്ട്. കേരളമൊട്ടാകെ താലൂക്ക് കൊടുക്കണം എന്നു പറഞ്ഞാൽ ബുദ്ധിമുട്ടാണ്. ഏതായാലും ഹസ്സൻ പറഞ്ഞ കാര്യത്തെ സംബന്ധിച്ചിടത്തോളം ഇത് അനുഭാവപൂർവ്വം പരിഗണിക്കാം.

(3) ബിൽഡിംഗ് റൂൾസ് എല്ലാ പഞ്ചായത്തുകളിലും ബാധകമാക്കണമെന്ന ആവശ്യം

ശ്രീ. മത്തായി ചാക്കോ: സർ, കേരളത്തിലെ പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണ നിയമം നടപ്പാക്കുന്നതുസംബന്ധിച്ചുള്ള സബ്മിഷനാണ്. പഞ്ചായത്തീരാജ് ആക്ടിന്റെ ഭാഗമായി കെട്ടിട നിർമ്മാണ നിയമങ്ങൾ വന്നതാണ്. അതുസംബന്ധിച്ചുള്ള റൂളുകൾ ഇതുവരെ തയ്യാറാക്കിയില്ലായെന്നുള്ളതാണ് പ്രധാന പ്രശ്നം. Municipal Building Rules എന്നു പറഞ്ഞുള്ള ഒരു നിയമം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റിന്റെ സമയത്തുവന്നതാണ്. അന്ന് പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് സംബന്ധിച്ച് ഒരു ഡ്രാഫ്റ്റ് തയ്യാറാക്കി. ഞാൻ മനസ്സിലാക്കുന്നത് യു.ഡി.എഫ്. ഗവണ്മെന്റ് വന്നതിനുശേഷം അത്തരത്തിലുള്ള ഒരു ഡ്രാഫ്ട് തയ്യാറാക്കിയെങ്കിലും നടപടികൾ മുന്നോട്ടു കൊണ്ടുപോയില്ല. അതിന്റെ പ്രശ്നം, കേരളത്തിലെ 20% പഞ്ചായത്തുകളിൽ മാത്രമെ ബിൽഡിംഗ് റൂൾസ് നിലവിലുള്ളു. ഞാൻ വരുന്ന കോഴിക്കോട് ജില്ലയിലെ 76 പഞ്ചായത്തുകളിൽ 29 പഞ്ചായത്തുകൾക്കു മാത്രമെ നിയമം ബാധകമുള്ളു. മലപ്പുറം ജില്ലയിലെ ഒരു മുൻസിപ്പാലിറ്റി പോലെ വികസിതമായ കോട്ടക്കൽ പഞ്ചായത്തിൽ ബിൽഡിംഗ് റൂൾ ഇപ്പോൾ നിലവിലില്ല. മഴവെള്ള സംഭരണം, വയൽ നികത്തൽ, കുന്നിടിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിയ സാമൂഹിക പ്രശ്നങ്ങൾ ഉയർന്നുവരുമ്പോൾ അതിനെ ഫലപ്രദമായി നിയന്ത്രിക്കാൻ കഴിയണമെങ്കിൽ പഞ്ചായത്തുകൾക്ക് ബിൽഡിംഗ് റൂൾസ് ആവശ്യമാണ്. നിലവിലുള്ള നിയമം നടപ്പാക്കുന്നതിനുവേണ്ടി കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ഇന്ന് നിലവിലില്ലെങ്കിൽ, അത് നിലവിൽ വരുത്തുവാനും അടിയന്തിരമായി പ്രാബല്യത്തിൽ വരുത്താനുമുള്ള നടപടികൾ സ്വീകരിക്കണം.

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ശ്രീ. മത്തായി ചാക്കോ ചൂണ്ടിക്കാണിച്ചത് ശരിയാണ്. കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കാൻ ഗവണ്മെന്റ് തത്വത്തിൽ അംഗീകരിച്ചെങ്കിലും അതിന്റെ ചട്ടങ്ങൾ പൂർത്തിയായിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് 235 മുതലുള്ള വകുപ്പുകൾ പ്രകാരം ഈ അധികാരങ്ങൾ ഉപയോഗിച്ച് പഞ്ചായത്തു കെട്ടിട നിർമ്മാണ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള ജോലി അന്തിമഘട്ടത്തിലാണ്. അതിന്റെ ഗൗരവം ഗവണ്മെന്റിന് പൂർണ്ണമായി അറിയാം. വളരെ വൈകാതെ തന്നെ അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കും. അതുവരെ മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ നടപ്പിൽ വരുത്താൻ ആഗ്രഹിക്കുന്ന പഞ്ചായത്തുകൾക്ക് അത് നടപ്പിലാക്കാൻ ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് സ്വയം തീരുമാനിക്കാവുന്നതാണ്. അത് വേറെ കാര്യം. ആ റൂൾസ് ഉണ്ടാക്കുന്ന ജോലി അന്തിമ ഘട്ടത്തിലാണ്. ഇതിന്റെ ഗൗരവം കണക്കിലെടുത്ത് വളരെ വേഗത്തിൽ തന്നെ അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(4) പെരിന്തൽമണ്ണ ശുദ്ധജലവിതരണ പദ്ധതി

ശ്രീ. നാലകത്ത് സൂപ്പി: സർ, പെരിന്തൽമണ്ണ Urban Water Supply Scheme, കഴിഞ്ഞ 10 കൊല്ലമായി ഇഴഞ്ഞുനീങ്ങുകയാണ്. 1995-ൽ ബഹുമാനപ്പെട്ട ശ്രീ. ടി. എം. ജേക്കബും, ഞാനും കൂടെ ഉദ്ഘാടനം ചെയ്തതാണ്. അതിനടിയന്തിരമായി സ്റ്റോറേജ് വിയർ കെട്ടാനുള്ള 247 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അതുപോലെ കട്ടുപ്പാറ പമ്പ് ഹൗസിലേക്കും ചെറുകിട ശുദ്ധീകരണശാലയിലേക്കുമുള്ള വൈദ്യുതി കണക്ഷൻ കിട്ടിയിട്ടില്ല. ചെറുകിട ശുദ്ധീകരണശാലയിലേക്കും കട്ടുപ്പാറ പമ്പ് ഹൗസിലേക്കുമുള്ള വൈദ്യുതി കണക്ഷൻ പദ്ധതിയുടെ വിതരണ ശൃംഖലയ്ക്ക് എ.സി. പൈപ്പുകളും, പി.വി.സി. പൈപ്പുകളും ലഭ്യമാക്കി നിയമസഭാംഗമെന്ന നിലയിൽ ഞാൻ 25 വർഷം പൂർത്തിയാക്കുന്ന ഈ വർഷത്തിലെങ്കിലും ഈ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ തീരുമാനം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണം. എന്റെ നിയമസഭാ ജുബിലിയോടനുബന്ധിച്ച് അത് തീർപ്പാക്കാനുള്ള ഏർപ്പാട് ഉണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly